# Official Spokesperson's response to media queries on the announcement by the US of withdrawal of its troops from Afghanistan before September 11, 2021

April 16, 2021

---

# 2021 സെപ്റ്റംബർ 11 നു തങ്ങളുടെ ട്രൂപ്പുകളെ അഫ്ഗാനിസ്ഥാനിൽ നിന്നും പിൻവലിക്കുമെന്ന് അമേരിക്കയുടെ പ്രസ്താവനയെ തുടർന്നുള്ള മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം.

ഏപ്രിൽ 16, 2021

**2021 സെപ്റ്റംബർ 11 നു തങ്ങളുടെ ട്രൂപ്പുകളെ അഫ്ഗാനിസ്ഥാനിൽ നിന്നും പിൻവലിക്കുമെന്ന് അമേരിക്കയുടെ പ്രസ്താവനയെ തുടർന്നുള്ള മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു:**

അഫ്ഗാനിസ്ഥാനിൽ നിന്ന് സൈന്യത്തെ പിൻവലിക്കാനും സൈനിക പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനുമുള്ള അമേരിക്കയുടെ തീരുമാനം ഞങ്ങൾ ശ്രദ്ധിക്കുകയുണ്ടായി. അഫ്ഗാനിസ്ഥാനിലെ ആഭ്യന്തര സമാധാന പ്രക്രിയകൾ ഞങ്ങൾ അടുത്തറിയുന്നവയാണ്. നാല് പതിറ്റാണ്ടിലേറെ നീണ്ട യുദ്ധവും അശാന്തിയും കണ്ട അഫ്ഗാൻ ജനത ദീർഘകാലം നീണ്ടു നിൽക്കുന്ന സമാധാനവും വികസനവും അർഹിക്കുന്നവരാണ്.

അഫ്ഗാൻ സമാധാന പ്രക്രിയ അഫ്ഗാൻ അഫ്ഘാനിസ്ഥാനിലെ സമാധാന നടപടികൾ അഫ്ഘാനിസ്താന്റെ തന്നെ നേതൃത്വത്തിലും ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ളതുമായിരിക്കണമെന്നാണ് ഇന്ത്യയുടെ നിലപാട്. ഏതൊരു രാഷ്ട്രീയ ഒത്തുതീർപ്പ് നിലപാടുകളിലും കഴിഞ്ഞ 19 വർഷങ്ങളിലെ സാമൂഹിക-സാമ്പത്തിക, രാഷ്ട്രീയ നേട്ടങ്ങൾ ഉൾക്കൊള്ളിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതാണ് ഐക്യ ജനാധിപത്യ പരമാധികാര അഫ്ഗാനിസ്ഥാനെയാണ് ഇന്ത്യ പിന്തുണയ്ക്കുന്നത് . അഫ്ഗാനിസ്ഥാനിൽ നടക്കുന്ന അക്രമങ്ങളിലും ലക്ഷ്യം വച്ചുള്ള കൊലപാതകങ്ങളിലും ഉള്ള വർദ്ധനവിനെക്കുറിച്ച് ഞങ്ങൾക്ക് വളരെയധികം ആശങ്കയുണ്ട്. അടിയന്തരവും സമഗ്രവുമായ വെടിനിർത്തലിന് ഇന്ത്യ ആഹ്വാനം ചെയ്യുന്നു.

ദോഹ കോൺഫറൻസ്, ജനീവ കോൺഫറൻസ്, കൂടാതെ അടുത്തിടെ ദുഷാൻബെയിൽ നടന്ന ഹാർട്ട് ഓഫ് ഏഷ്യ കോൺഫറൻസ് എന്നിവയിൽ ഇന്ത്യ പങ്കെടുത്തു. അടുത്ത നടപടികളെക്കുറിച്ച് ഇന്ത്യ അഫ്ഗാൻ പങ്കാളികളുമായും നമ്മുടെ പ്രാദേശിക, അന്തർദേശീയ പങ്കാളികളുമായും ഒരുമിച്ച് പ്രവർത്തിക്കുന്നതാണ്."

**ന്യൂ ഡൽഹി**
**16 ഏപ്രിൽ, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.